# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3893     31.01.2014-ൽ മറുപടിക്ക്

**ചോദ്യം**     **ഉത്തരം**

**ശ്രീ. എം. ഹംസ**

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## വിവിധ സാമ്പത്തികവർഷങ്ങളിലെ റവന്യൂ/നികുതിവരുമാനം

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി ധനകാര്യസൂചകങ്ങളെ ആധാരമാക്കി വിശദീകരിക്കാമോ; | പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷം നവംബർ 30 വരെ പ്രധാന ധനസൂചകങ്ങളായ റവന്യൂകമ്മി, ധനകമ്മി, കടബാധ്യത എന്നിവയുടെ മൊത്തം ആഭ്യന്തര ഉല്പാദനവുമായുള്ള ശതമാനക്കണക്ക് താഴെ പറയും പ്രകാരമാണ്. |

| ഇനം | മൊത്തം ആഭ്യന്തര ഉല്പാദനവുമായുള്ള ശതമാനം |
|---|---|
| റവന്യൂ കമ്മി | 0.5 |
| ധനകമ്മി | 1.2 |
| മൊത്തം കടം | 24.42 |

| | | |
|---|---|---|
| (ബി) | 2012-13 വർഷത്തിൽ സർക്കാരിന്റെ റവന്യൂവരുമാനം എത്രയായിരുന്നു; 2010-11, 2011-12 വർഷത്തിലെ വരുമാനവുമായി താരതമ്യം ചെയ്ത സ്റ്റേറ്റ്മെന്റ് പ്രസിദ്ധീകരിക്കാമോ; | 2012-13 ൽ സംസ്ഥാന സർക്കാരിന്റെ ആകെ റവന്യൂ വരുമാനം 44137.30 കോടി രൂപയാണ്. 2010-11, 2011-12 വർഷത്തിലെ റവന്യൂ വരുമാനം യഥാക്രമം 30990.95 കോടി രൂപയും, 38010.36 കോടി രൂപയുമാണ്. 2010-11 - മായി താരതമ്യപ്പെടുത്തുമ്പോൾ 2011-12 ൽ 22.65% വളർച്ചാ നിരക്കും, 2012-13 ൽ 16.12% വളർച്ചാ നിരക്കും കൈവരിച്ചിട്ടുണ്ട്. |
| (സി) | 2012-13 വർഷത്തെ റവന്യൂകമ്മിയും ധനകമ്മിയും എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ; | 2012-13 ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 9351.44 കോടി രൂപയും ധനകമ്മി 15002.46 കോടി രൂപയുമാണ്. |

| | | |
|---|---|---|
| (ഡി) | 2012-13 വർഷത്തെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; വ്യക്തമാക്കാമോ; | 2012-13 സാമ്പത്തിക വർഷത്തെ കണക്കു പ്രകാരം സംസ്ഥാനത്തിന്റെ പൊതു കടം (Public Debt) 72250.19 കോടി രൂപയാണ്. |
| (ഇ) | 2011 മാർച്ചിലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | 2011-മാർച്ച് അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം (Public Debt) 54887.18 കോടി രൂപ ആയിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷം നവംബർ 30 വരെയുള്ള സംസ്ഥാനത്തിന്റെ പൊതു കടം 71842.29 കോടി രൂപയാണ്. |
| (എഫ്) | 2011 മാർച്ചിലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ കടം എത്രയായിരുന്നു; കാലികസ്ഥിതി വിശദമാക്കാമോ; | 2011- മാർച്ച് അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 78673.24 കോടി രൂപയായിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷം നവംബർ 30 വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത 102685.07 കോടി രൂപയാണ്. |
| (ജി) | 2010-11, 2011-12, 2012-13 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം എത്രയായിരുന്നു; | 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br><br>വർഷം — സംസ്ഥാന തനത് നികുതി വരുമാനം (തുക കോടിയിൽ)<br>2010-11 — 21721.69<br>2011-12 — 25718.60<br>2012-13 — 30076.61 |
| (എച്ച്) | 2010-11, 2011-12, 2012-13 വർഷങ്ങളിലെ തനത് വരുമാനത്തിന്റെ ശരാശരി വാർഷികവളർച്ച എത്രയായിരുന്നു; ഓരോ വർഷത്തെയും പ്രത്യേകം വ്യക്തമാക്കാമോ; | 2010-11, 2011-12, 2012-13 വർഷങ്ങളിലെ തനത് വരുമാനത്തിന്റെ ശരാശരി വാർഷിക വളർച്ചാ നിരക്ക് 20.73% ശതമാനമാണ്. പ്രസ്തുത വർഷങ്ങളിൽ കൈവരിച്ച വളർച്ചാ നിരക്ക് യഥാക്രമം 21.44%, 19.69%, 21.07% ആയിരുന്നു. |
| (ഐ) | സംസ്ഥാനത്തിന്റെ ശമ്പളം, പെൻഷൻ, കടത്തിൻമേലുള്ള പലിശ, വായ്പാ തിരിച്ചടവ് എന്നിവയുടെ ചെലവ് മൊത്തം ചെലവിന്റെ എത്ര ശതമാനം എന്ന് വ്യക്തമാക്കാമോ; | നടപ്പു വർഷത്തെ പ്രാഥമിക കണക്കുകൾ പ്രകാരം നവംബർ 30 വരെ ശമ്പളം, പെൻഷൻ, കടത്തിൻമേലുള്ള പലിശ, വായ്പാ തിരിച്ചടവ് എന്നിവയുടെ ചെലവ് മൊത്തം ചെലവിന്റെ 60.29 ശതമാനം ആണ്. |

| | | |
|---|---|---|
| (ജെ) | സംസ്ഥാനത്തിന്റെ ശമ്പളം, പെൻഷൻ, കടത്തിൻമേലുള്ള പലിശ, വായ്പാതിരിച്ചടവ് എന്നിവയ്ക്കായി മൊത്തം വരുമാനത്തിന്റെ എത്ര ശതമാനം ചിലവഴിക്കുന്നു എന്നതിന്റെ 2010-11, 2011-12, 2012-13 വർഷത്തെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ? | 2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ ശമ്പളം, പെൻഷൻ, കടത്തിൻമേലുള്ള പലിശ, വായ്പാ തിരിച്ചടവ് തുടങ്ങിയവയ്ക്ക് ചെലവാക്കിയ തുകയുടെ ശതമാനത്തിന്റെ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.<br>2010-11 - 64.06 %<br>2011-12 - 70.95 %<br>2012-13 - 62.95 % |

സെക്ഷൻ ഓഫീസർ